


# നമ്മുടെ മിഷൻ

(സി.എം.ഐ സെന്റ് സേവ്യേഴ്സ് പ്രൊവിൻസ്-രാജ്കോട്ട്)

St. Xavier's Provincial House, P.B. No. 1504, Kalawad Road, Rajkot.
Email: contact@cmirajkot.com | Web: www.cmirajkot.com

Vol. - 8 | Issue - 1 | Feb - 2025 | News Bulletin of St. Xavier's Province, Rajkot.




## പ്രൊവിൻഷ്യാളച്ചന്റെ സന്ദേശം



ഉള്ളിൽ ആനന്ദമുണർത്തുന്ന ആഘോഷങ്ങളുടെ നല്ല നാളുകളിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഒരുമയിൽ നമ്മെ ചേർത്ത് നിർത്തുന്ന സമാധാനത്തിന്റെ ഉത്സവമായ ക്രിസ്തുമസും പ്രത്യാശയുടെ പൊൻ കിരണങ്ങൾ നമുക്ക് തുറന്നു തന്ന് നമ്മെ കർമ്മോത്സുകരാക്കുന്ന പുതുവർഷവും, CMI സഭാ സ്ഥാപകനായ വി. ചാവറപിതാവിന്റെ തിരുനാളും മറ്റ് ഇടവകതിരുന്നാളും, തിരുപ്പട്ടങ്ങളും നമ്മുടെ സഭാജീവിതത്തെ സജീവമാക്കുന്നു. പള്ളി കേന്ദ്രീകൃതമായ ജീവിതം നമ്മെ കൂടുതൽ കൃപയുള്ളവരാക്കി തീർക്കട്ടേയെന്ന് പ്രാർത്ഥിക്കുന്നു.

സഹനങ്ങളും പ്രതിസന്ധികളും വരുമ്പോഴാണ് യഥാർത്ഥത്തിൽ സഭ വളരുന്നത്. അതിജീവനത്തിന്റെ പാഠമാണ് തിരുസഭ നമ്മെ പഠിപ്പിക്കുന്നത്. ഏത് കനൽ വഴിയിലും നിഴൽ പോലെ കൂടെ നടക്കുന്ന കർത്താവിന്റെ അദൃശ്യസാന്നിധ്യം തിരിച്ചറിയുവാനുള്ള വരം ലഭിക്കാൻ നമുക്ക് പ്രാർത്ഥിക്കാം. കുരിശിന്റെ വഴിയിലൂടെ നടന്ന് കുരിശിൽ തൂങ്ങി മരിച്ച് ഉത്ഥാനം ചെയ്തവനാണ് നമ്മുടെ ദൈവം. പ്രതിസന്ധികളെ ദൈവഹിതമായി കണ്ട് സ്വർഗ്ഗീയ മഹത്വത്തിൽ പങ്കുപറ്റുന്നവരാകുവാൻ നമുക്ക് പരിശ്രമിക്കാം.

സ്വർഗ്ഗത്തിന്റെ ഭൂമിയിലെ ചെറിയ പതിപ്പാണ് നമ്മുടെ വീടുകൾ. ഭവനങ്ങൾ ആകാശമോക്ഷത്തിന് സദൃശ്യം എന്നാണല്ലോ വി. ചാവറയച്ചൻ നമ്മെ പഠിപ്പിക്കുന്നത്. നമ്മുടെ ഭവനങ്ങളിൽ നിന്ന് നമ്മുടെ കുഞ്ഞുങ്ങളെ പ്രേഷിത ശുശ്രൂഷക്ക് വേണ്ടി പറഞ്ഞുവിടണം. എന്റെ വീട്ടിൽ നിന്ന് മിഷനറിയായ ഒരു അച്ചനുണ്ട് എന്ന് പറയുന്നതിൽ കുടുംബാംഗങ്ങൾ അഭിമാനിക്കണം.

കർത്താവിന്റെ കരത്തിന്റെ പ്രത്യേക സംരക്ഷണം മിഷൻ പ്രദേശങ്ങളുടെ മേലുണ്ട്. ഈ സംരക്ഷണത്തിന്റെ തണലിൽ രാജ്കോട്ട് സെന്റ്. സേവ്യേഴ്സ് സി.എം.ഐ. പ്രവിശ്യ ഉത്തരോത്തരം വളർന്നുകൊണ്ടിരിക്കുന്നു. നിധികളേപ്പോലെ സൂക്ഷിച്ച മക്കളെ ദൈവത്തിനുള്ള ശ്രേഷ്ഠ സമ്മാനമായി കണ്ട് സഭാ ശുശ്രൂഷക്കായി പറഞ്ഞുവിടുന്നതിൽ മാതാപിതാക്കൾക്ക് പ്രത്യേകം നന്ദി പറയുന്നു. 15 പേർ ഒന്നാം വർഷ വൈദിക വിദ്യാർത്ഥികളായി നമ്മുടെ പ്രവിശ്യയിലുണ്ട്, 10 പേർ പതിനൊന്നാം ക്ലാസിൽ പഠിക്കുന്നു. തിരുപ്പട്ട സ്വീകരണത്തിന് മുമ്പുള്ള ഫിലോസഫി, ഡിഗ്രി, തിയോളജി പഠനങ്ങളിൽ വ്യാപൃതരാണ് മറ്റ് വൈദിക വിദ്യാർത്ഥികൾ. 2024, ഡിസംബർ 31- ാം തിയതി ഡീക്കൻ ജിബിൻ മാനക്കുഴിയിൽ സി.എം.ഐ തിരുപ്പട്ടം സ്വീകരിച്ച് ആദ്യ ബലിയർപ്പിച്ചത് രാജ്കോട്ട് പ്രവിശ്യക്ക് ഇരട്ടിമധുരം നൽകുന്നു.

നമ്മുടെ കുടുംബങ്ങളിൽ നിന്ന് പലരും കഴിഞ്ഞ 6 മാസത്തിനുള്ളിൽ വേർപിരിഞ്ഞ് പോയിട്ടുണ്ട്. അവരെ പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കാം. പല അച്ചന്മാരുടെയും കുടുംബാംഗങ്ങൾ രാജ്കോട്ട് മിഷൻ സന്ദർശിക്കുവാൻ വരുന്നതിൽ ഞങ്ങൾക്ക് ഏറെ സന്തോഷം. കൂടുതൽ പേർക്ക് സ്വാഗതം. തിരുസഭയെ പടുത്തുയർത്തുന്നതിൽ നമുക്ക് ഒരുമിച്ച് അധ്വാനിക്കാം. ഈശോ നമ്മിൽ നിന്നാഗ്രഹിക്കുന്ന പ്രേഷിതശുശ്രൂഷ നമുക്ക് പൂർത്തിയാക്കാം.

എല്ലാവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

**ഫാ. ബിനോയ് ഇലവുങ്കൽ സി.എം.ഐ**
പ്രൊവിൻഷ്യാൾ

## ജർമ്മനിയിൽ മിഷൻ പ്രവർത്തനം




വി. ബോനിഫേസ്

രാജ്കോട്ട് സെന്റ് സേവ്യേഴ്സ് പ്രവിശ്യയിലെ വൈദികർ അനേക വർഷങ്ങളായി ജർമ്മനിയിലും സേവനം ചെയ്യുന്നുണ്ട്. സി.എം.ഐ. സഭയുടെ വിവിധ പ്രവിശ്യകളിലെ അംഗങ്ങളും, മറ്റ് സീറോമലബാർ, മലങ്കര, ലത്തീൻ റീത്തിലുള്ള വൈദികരും സന്യാസിനികളും ഇപ്പോഴും അവിടെ സേവനം നടത്തി വരുന്നു. A.D. മൂന്നാം നൂറ്റാണ്ടോടെ ജർമ്മനിയിൽ ക്രിസ്തുമതം പ്രചരിച്ചു എന്നു പറയാം; കാരണം ജർമ്മനിയുടെ പല ഭാഗങ്ങളും റോമാ സാമ്രാജ്യത്തിന്റെ അധീനതയിലായിരുന്നു. തൊട്ടടുത്ത രണ്ട് മൂന്ന് നൂറ്റാണ്ടുകൾ കൊണ്ട് അവിടുത്തെ 'ജെർമ്മാനിക്ക് വംശം' (Germanic Tribes) ക്രിസ്തുമതം സ്വീകരിച്ചു. ഇംഗ്ലീഷ് മിഷനറിയായ വി. ബോനിഫേസ് (St. Boniface) ആണ് ജർമ്മനിയുടെ അപ്പസ്തോലൻ (Apostle of Germany) എന്ന് അറിയപ്പെടുന്നത്.

എന്നാൽ 1517-ൽ ഒരു അഗസ്റ്റീനിയൻ സന്യാസിയായ മാർട്ടിൻ ലൂഥറിന്റെ (Martin Luther 1483-1546) നേതൃത്വത്തിൽ ജർമ്മനിയിൽ ആരംഭിച്ച നവീകരണ പ്രസ്ഥാനം (Reformation) സഭയെ - സഭാ ജീവിത ചിന്തകളെ ഇളക്കി മറിച്ച് ഒരു വിപ്ലവം (Revolution) തന്നെ സൃഷ്ടിച്ച് പ്രൊട്ടസ്റ്റൻഡ് (Protestant) എന്ന ഒരു സഭാവിഭാഗത്തിന് രൂപംകൊടുത്തു. കത്തോലിക്കാ സഭയിൽ നടമാടിയിരുന്ന ചില ദുഷ്പ്രവണതകൾക്കെതിരെ,



ബഹു. പ്രൊവിൻഷ്യാളച്ചൻ ജർമ്മൻ മിഷനറിമാർക്കൊപ്പം

ആധ്യാത്മിക ശുഷ്കതക്കും, ക്രിസ്തു ചൈതന്യത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ടുള്ള സഭാ നേതൃത്വത്തിന്റെ പ്രവർത്തന ശൈലിക്കുമെതിരെയാണ് മാർട്ടിൻ ലൂഥർ എന്ന സന്യാസ വൈദികൻ 95 ചോദ്യങ്ങൾ വിറ്റൻ ബർഗ് ദേവാലയ ഭിത്തിയിൽ പതിപ്പിച്ച് തന്നോട് സംവദിക്കുവാൻ സഭാ നേതൃത്വത്തെ വെല്ലുവിളിച്ചത്. അൽപം ചരിത്രവും നമ്മൾ അറിയണമല്ലോ!

1990-ൽ East Germany-യും West Germany-യും യോജിക്കുന്ന സമയത്ത് 42% കത്തോലിക്കരുണ്ടായിരുന്നു. ഇന്ന് 30%ൽ താഴെയാണ്. 29 രൂപതകളാണ് ജർമ്മനിയിലുള്ളത്. ഗവൺമെന്റ് നടപ്പാക്കിയിരിക്കുന്ന Tax നിയമം ഔദ്യോഗികമായി ഏത് ചർച്ചിനോട് - അത് കത്തോലിക്ക ആകട്ടെ, പ്രൊട്ടസ്റ്റന്റ് ആകട്ടെ - ബന്ധപ്പെട്ടിരിക്കുന്നു എന്ന് വെളുപ്പെടുത്തിയാൽ Tax കൊടുക്കേണ്ടി വരും. അത് ഔദ്യോഗികമായി സഭയിൽ നിന്ന് വിട്ട് നിൽക്കാൻ സഭാംഗങ്ങളെ പ്രേരിപ്പിക്കുന്നു. ഏത് സഭാ വിഭാഗത്തിലാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചാൽ ആ സഭയിലേക്ക് നല്ലൊരു തുക Tax ആയി വ്യക്തികൾ നൽകേണ്ടി വരും -പുറമെ സർക്കാരിനുള്ള Tax ഉം.

അതുകൊണ്ട് തന്നെ സഭയിൽ നിന്നും ഔദ്യോഗികമായി പലരും വിട്ട് നിൽക്കുന്നു. അവിടെ സർക്കാരാണ് ചർച്ചിനെ (കാത്തോലിക് ആയാലും, പ്രൊട്ടസ്റ്റന്റ് ആയാലും) സംരക്ഷിക്കുന്നത്; വൈദികർക്ക് ശമ്പളം നൽകുന്നത്. എന്നിരുന്നാലും Tax ഇനത്തിൽ നല്ലൊരു വരുമാനമുള്ളതുകൊണ്ട് ജർമ്മൻ സഭ ലോകത്തിലെ തന്നെ ഏറ്റവും സമ്പന്നമായ കത്തോലിക്കാ സഭയാണ്.



ഫാ. സാജു കോരാക്കൽ അൾത്താര സംഘത്തോടൊപ്പം

ലോക മഹായുദ്ധത്തിന്റെ കെടുതികളും, അതിൽ നിന്ന് ഉളവായ ദാരിദ്യത്തിന്റെ, വിശപ്പിന്റെ വിളിയും ശരിക്കും അനുഭവിച്ച് അറിഞ്ഞവരാണ് ജർമ്മൻകാർ. ദാരിദ്ര്യം അനുഭവിച്ചവർക്കാണ് ദരിദ്രരോട്, അവശത അനുഭവിക്കുന്നവരോട് കരുണ കാണുന്നത്. ജർമ്മൻ സഭയെപ്പോലെ മൂന്നാം ലോകരാഷ്ട്രങ്ങളെ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രാജ്യങ്ങളെ സഹായിക്കുന്ന മറ്റൊരു സഭയും ഇല്ല; പ്രത്യേകിച്ചും മിഷൻ രൂപതകളെ. ഇന്ത്യയിലും, ആഫ്രിക്കയിലും, ലാറ്റിനമേരിക്കൻ രാജ്യങ്ങളിലും ജർമ്മൻ സഭ വിവിധ ജനോപകാര പ്രോജക്ടുകൾ നടപ്പിലാക്കാൻ ഇപ്പോഴും സഹായിച്ച് വരുന്നു.

രാജ്കോട്ട് പ്രൊവിൻസിൽ നിന്നും 7 വൈദികർ ജർമ്മനിയിൽ വിവിധ ഇടവകകളിലും, ആശുപത്രികളിലുമായി സേവനം ചെയ്യുന്നു. ഫാ. പൗലോസ് പൊട്ടംപുഴ, ഫാ. ഡയനിഷ് താഴത്തുവീട്ടിൽ, ഫാ. സാജു കോരാക്കൽ, ഫാ. ജോസഫ് കുഴിക്കാട്ട്, ഫാ. ജെയ്മോൻ തണ്ടപ്പിള്ളി, ഫാ. ജോർജ്ജ് ഒട്ടലാങ്കൽ, ഫാ. ഫ്രാൻസിസ് ആക്കപ്പടിക്കൽ, എന്നിവരാണ് അവർ.

ശരിക്കും ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനേപ്പോലെ ഇവർക്കും ജോലി ചെയ്യണം. ഓഫീസ്, സമയനിഷ്ഠ എല്ലാം. ജർമ്മൻ ഭാഷ പഠിക്കുക അത്ര എളുപ്പമല്ലെന്ന് എല്ലാവർക്കും അറിയാം.



ജർമൻ മിഷനറിമാർ സ്വന്തമായുണ്ടാക്കിയ ഭക്ഷണം കമ്പനിയായി ആസ്വദിക്കുന്നു. പാചക ശില്പി - ഫാ. ഡയനിഷ് താഴത്തുവീട്ടിൽ.

# CMI IN GERMANY



**ഫാ. പൗലോസ് പൊട്ടമ്പുഴ**
മ്യൂൺസ്റ്റർ രൂപത
25 വർഷമായി പൗലോസച്ചൻ ജർമനിയിലാണ്. രൂപതാ സിനഡ് മെംബറായി 8 വർഷം സേവനം ചെയ്തിട്ടുണ്ട്.



**ഫാ. ഫ്രാൻസിസ് ആക്കപ്പടിക്കൽ**
22 വർഷമായി ജർമനിയിൽ സേവനം ചെയ്യുന്നു. ജർമനി CMI പൊതുഭവന ഡയറക്ടറായി സേവനം ചെയ്തിട്ടുണ്ട്. ഏതാനും വർഷങ്ങൾ സൗത്ത് അമേരിക്കയിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ഹോസ്പിറ്റൽ ചാപ്ലെയിനാണ്.



**ഫാ. ജോസഫ് കുഴിക്കാട്ട്**
പസാവ് രൂപത
15 വർഷം



**ഫാ. സാജു കോരാക്കൽ**
ഓഗ്സ്ബർഗ് രൂപത
15 വർഷം



**ഫാ. ജയ്മോൻ താണ്ടപ്പിള്ളി**
ഓഗ്സ്ബർഗ് രൂപത
14 വർഷം



**ഫാ. ജോർജ്ജ് ഒട്ടലാങ്കൽ**
ലിംബർഗ് രൂപത
(10 വർഷം)



**ഫാ. ഡയനിഷ് താഴത്ത് വീട്ടിൽ**
മ്യൂണിച്ച് രൂപത
(2 വർഷം)

നമ്മുടെ നാട്ടിൽനിന്നും വളരെ അകലെ മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഈ വൈദികരെ നമ്മൾ നന്ദിപൂർവ്വം സ്മരിക്കുകയും, ഇവരുടെ വിലപ്പെട്ട സേവനങ്ങളെ ഓർത്ത് ദൈവത്തിന് നന്ദി പറയുകയും ചെയ്യാം. ഒപ്പം നമ്മുടെ പ്രാർത്ഥനയിൽ ഇവരെ കരുതുമല്ലോ!

## വൈദിക വിദ്യാർത്ഥികൾ

### വ്രത നവീകരണം

വ്രതനവീകരണത്തിന് ശേഷം (ഡിസംബർ 8) അജിൽ കപ്പലുമാക്കൽ, ജിബിൻ മാഞ്ഞാലിൽ, അബി തേരകംനിൽക്കുന്നതിൽ എന്നിവർ പ്രൊവിൻഷ്യാൾ ഹൗസിൽ ബിഷപ് ഗ്രിഗറി, പ്രൊവിൻഷ്യാൾഹൗസ് അംഗങ്ങൾ, ജൂനിയർ ബ്രദേഴ്സ് എന്നിവരോടൊപ്പം.





### പുതിയ ഗ്രോട്ടോ

നമ്മുടെ ഒന്നാം വർഷ വൈദിക വിദ്യാർത്ഥികൾ അവരുടെ റെക്ടറച്ചൻ ബഹു. ജോർജ്ജ് ഉരുളിയാനിക്കലച്ചന്റെ നേതൃത്വത്തിൽ മനോഹരമായ ഒരു ഗ്രോട്ടോ നിർമ്മിച്ചു. ഇതിന്റെ പ്രത്യേകത, ഒരു പണച്ചിലവുമില്ലാതെ, നമ്മുടെ തന്നെ ക്യാമ്പസിൽ കിടന്ന വിവിധ ആകൃതിയിലുള്ള കല്ലുകൾ പെറുക്കിവച്ച് ഈ ബ്രദേഴ്സ് തന്നെ നിർമ്മിച്ചു എന്നതാണ്. കുട്ടികളുടെ കരവിരുതായ ഈ ഗ്രോട്ടോയുടെ വെഞ്ചരിപ്പ് കർമ്മം നവംബർ 11-ാം തിയതി (2024) ബഹു. പ്രൊവിൻഷ്യാളച്ചൻ ബിനോയ് ഇലവുങ്കൽ നിർവ്വഹിച്ചു.

### ആദ്യ വ്രതവാഗ്ദാനം



ബ്രദർ ക്രിസ് കൊച്ചുവീട്ടിൽ മധ്യപ്രദേശിലെ ബുധിനിയിൽ നവസന്യാസ പരിശീലനം പൂർത്തിയാക്കി ആദ്യവ്രതവാഗ്ദാനം ഡിസംബർ 8, 2024 മാതാവിന്റെ അമലോത്ഭവ തിരുന്നാൾ ദിവസം നടത്തി. മാതാപിതാക്കളും ബഹു. പ്രൊവിൻഷ്യാളച്ചനും ബന്ധുമിത്രാദികളും സംബന്ധിച്ചിരുന്നു.

## നൊവിഷ്യേറ്റ് - ഔദ്യോഗിക ആരംഭം.



നവസന്യാസാർത്ഥികൾ ബഹു. റെക്ടറച്ചനോടൊപ്പം.

2024 സെപ്റ്റംബർ 8-ാം തിയതി മാതാവിന്റെ ജനനത്തിരുന്നാൾ ദിവസം ബ്രദർ ജോർജ്ജ് പുത്തൂർ (ഇടത്തു നിന്ന് നാലാമത്) ഔദ്യോഗികമായി തന്റെ നവ സന്യാസ ജീവിതം ആരംഭിച്ചു. അദ്ദേഹത്തോടൊപ്പം വിവിധ പ്രവിശ്യകളിലെ 14 സഹോദരൻമാർ വേറെയും ഉണ്ടായിരുന്നു. ജഗദൽപൂരിലെ 'ഭാൻപുരി' എന്ന സ്ഥലത്താണ് നൊവിഷ്യേറ്റ്. ജഗദൽപൂർ രൂപതാ മെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ സി.എം.ഐ. ആയിരുന്നു മുഖ്യ കാർമ്മികൻ.

## ജബൽപൂരിൽ നിന്ന്




രണ്ടാം വർഷ കോളേജ് പഠനം നടത്തുന്ന ബ്രദർ പ്രിൻസ് വലിയപറമ്പിലിനെ (വലത്തു നിന്ന് രണ്ടാമത്) വികർ പ്രൊവിൻഷ്യാൾ ഫാ.ജോസ് മംഗലംകുന്നേൽ സന്ദർശിച്ചപ്പോൾ : വിവിധ മിഷൻ പ്രൊവിൻസുകളിലെ ബ്രദേഴ്സ് ആണ് ഒപ്പമുള്ളത്.

## ചാവറദിനം- ഈശോ സഭാ പ്രൊവിൻഷ്യാൾ ഹൗസിൽ




അഹമ്മദാബാദ് സെന്റ് സേവ്യേഴ്സ് കോളേജിൽ ഒന്നാം വർഷ കോളേജ് പഠനം ആരംഭിച്ച ബ്ര. ജിബിൻ മാഞ്ഞാലിൽ, ബ്ര. അബി തേരകം. 2025, ജനുവരി 3-ന് വി. ചാവറയച്ചന്റെ തിരുനാൾ ദിവസം ഗുജറാത്ത് ഈശോ സഭാ പ്രൊവിൻഷ്യാൾ ഹൗസിൽ ചാവറപ്പിതാവിന്റെ ജീവ ചരിത്രം വീഡിയോ പ്രോഗ്രാമായി പ്രദർശിപ്പിച്ചു. അന്ന് രാജ്കോട്ട് പ്രവിശ്യയുടെ വികർ പ്രൊവിൻഷ്യാൾ ബഹു. ജോസ് മംഗലം കുന്നേൽ വിശുദ്ധ ബലി അർപ്പിച്ച് സന്ദേശം നല്കി. എല്ലാത്തിനും നേതൃത്വം നൽകിയത് ഈ രണ്ട് ബ്രദേഴ്സായിരുന്നു..

## അർത്ഥികളുടെ സൗഹൃദസംഗമം



രാജ്കോട്ട് രൂപതയിൽ വിവിധ സന്യാസ സഭകളിലായും രൂപതാ വൈദിക വിദ്യാർത്ഥികളായും പഠിക്കുന്ന എല്ലാ അർത്ഥികളുടേയും ഒരു സൗഹൃദ സംഗമം എല്ലാ വർഷവും സംഘടിപ്പിക്കുന്നുണ്ട്. ഈ വർഷം ജനുവരി 18, 19 തീയതികളിൽ ബിഷപ്പ് ഹൗസിൽ വച്ച് നടത്തപ്പെട്ട സൗഹൃദ കൂട്ടായ്മയ്ക്ക് അഭിവന്ദ്യ മാർ ജോസ് ചിറ്റൂപ്പറമ്പിലും റെക്ടറച്ചന്മാരും, സിസ്റ്റേഴ്സും നേതൃത്വം നൽകി. വൈദിക-സന്യാസാർത്ഥികളുടെ കലാപരിപാടികളും, മത്സരങ്ങളും, സമ്മാനദാനവും നടന്നു.

# നുറുങ്ങു വാർത്തകൾ

## വൈദികരുടെ രജത ജൂബിലി



രാജ്കോട്ട് സെന്റ് സേവ്യേഴ്സ് പ്രവിശ്യയിലെ 5 വൈദികരുടെ പൗരോഹിത്യ ജൂബിലിയും (25 വർഷം) 4 വൈദികരുടെ സന്യാസ വ്രതവാഗ്ദാനത്തിന്റെ ജൂബിലിയും ഒക്ടോബർ 21-ാം തിയതി സമുചിതമായി അഘോഷിക്കുകയും, ഈ പ്രവിശ്യക്കും രൂപതക്കുമായി 25 വർഷമായി അവർ ചെയ്തുവരുന്ന നിസ്തുല സേവനങ്ങളെ അനുസ്മരിക്കയും അവരെ ഈ മിഷനിലേക്ക് അയച്ച ദൈവത്തിനും, മാതാപിതാക്കൾക്കും നന്ദി പറയുകയും ചെയ്തു. സി.എം.ഐ സഭയുടെ വികാർ ജനറാൾ, അഭിവന്ദ്യ മെത്രാനച്ചന്മാർ, ബഹു. പ്രൊവിൻഷ്യാളച്ചൻ, മറ്റു നിരവധി വൈദികരും, സന്യാസിനികളും, ബ്രദേഴ്സും ചടങ്ങിൽ സംബന്ധിച്ചു.

## ഗുജറാത്തി കത്തോലിക്കരുടെ വാർഷികധ്യാനം



യേശുവിന്റെ സന്ദേശത്തിൽ ആകൃഷ്ടരായി കത്തോലിക്കാ മതത്തിൽ ചേർന്ന 265 ഗുജറാത്തി കത്തോലിക്കരുടെ ഈ വർഷത്തെ വാർഷിക ധ്യാനം ഒക്ടോബർ 11-14 തിയതികളിൽ ബിഷപ്പ്ഹൗസ് ക്യാമ്പസിൽ വച്ച് നടത്തി. അവരുടെ വാർഷിക ധ്യാനം നയിച്ചതും ഫാ. പരേഷ് പർമാർ എന്ന ഒരു ഗുജറാത്തി കത്തോലിക്കാ വൈദികനായിരുന്നു. വൈദികരുടെയും സിസ്റ്റേഴ്സിന്റേയും വാർഷിക ധ്യാനം പതിവുപോലെ ദീപാവലി സ്കൂൾ അവധി ദിവസങ്ങളിൽ നടന്നു. ദീപാവലി (ദിവാളി)ക്ക് ഇവിടെ 21 ദിവസം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി ദിവസങ്ങളാണ്.

## വൈദികരുടെ വാർഷിക ധ്യാനം




രാജ്കോട്ട് രൂപതയുടെയും പ്രൊവിൻസിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ രൂപതയിലെ എല്ലാ വൈദികരുടെയും വാർഷിക ധ്യാനം നവംബർ 3-ാം തിയതി ആരംഭിച്ച് 8-ാം തിയതി സമാപിച്ചു. ധ്യാനം നയിച്ചത് അതിരമ്പുഴ കാരിസ് ഭവൻ ഡയറക്ടർ ബഹു. കുര്യൻ കാരിക്കൽ MSFS അച്ചനായിരുന്നു. 90-ൽ പരം വൈദികർ പങ്കെടുത്തു.

## നവവൈദികൻ



രാജ്കോട്ട് പ്രവിശ്യയുടെ ഈ വർഷത്തെ ഏറ്റവും വലിയ ഒരു സന്തോഷ മുഹൂർത്തമാണ് ഒരു 'വർഷാവസാന സമ്മാനം' എന്നവണ്ണം ബഹു. ഡീക്കൻ ജിബിൻ മാനാക്കുഴിയിലിന്റെ പൗരോഹിത്യ സ്വീകരണവും പ്രഥമ ദിവ്യബലിയർപ്പണവും. സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കൂടരഞ്ഞിയിൽ വച്ച് ഡിസംബർ 31-ാം തിയതി രാവിലെ 9 മണിക്ക് രാജ്കോട്ട് രൂപതയുടെ അഭിവന്ദ്യ മെത്രാൻ മാർ ജോസ് ചിറ്റൂപറമ്പിൽ സി.എം.ഐ. യുടെ കൈവയ്പ് ശുശ്രൂഷ വഴി അദ്ദേഹം പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു. ബഹു. പ്രൊവിൻഷ്യാളച്ചനും മറ്റ് അനേകം വൈദികരും പങ്കെടുത്തു. പ്രാർത്ഥനകൊണ്ടും സാന്നിധ്യംകൊണ്ടും അദ്ദേഹത്തെ അനുഗ്രഹിക്കുവാൻ എല്ലാവരെയും ഹൃദയംഗമമായി ഓർമിപ്പിക്കുന്നു.

## സഭയിൽ വിശുദ്ധർ

വിശുദ്ധരും പാപികളും ചേർന്നതാണ് സഭാഗാത്രം. എന്നാൽ വിശുദ്ധിയിലേക്കുള്ള പ്രയാണമാണ് നമ്മുടെ ജീവിത ലക്ഷ്യം. അശുദ്ധിയിലേക്കല്ല, വിശുദ്ധിയിലേക്കാണ് നിങ്ങളെ വിളിച്ചിരിക്കുന്നതെന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ ഓർമ്മിക്കുക. ആദ്യ രക്തസാക്ഷിയായ വി. സ്റ്റീഫൻ മുതൽ പതിനായിരക്കണക്കിന് വിശുദ്ധാത്മാക്കൾ തിരുസഭക്ക് കൂട്ടായിട്ടുണ്ട്. അതിൽ നമ്മുടെ സീറോ മലബാർ സഭയും പങ്കുപറ്റിയിട്ട് അധികനാളായില്ല. ഔദ്യോഗിക വിശുദ്ധരില്ലാത്ത ഒരു മച്ചിയായ മാർത്തോമ്മാ ക്രിസ്ത്യാനികളെക്കുറിച്ച് ചിന്തിച്ച് വളരെയധികം മനം നൊന്ത വിശുദ്ധനായിരുന്നു; വിശുദ്ധ ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ! കേരള സീറോമലബാർ സഭയിലെ ആദ്യ സന്യാസ സഭാ സ്ഥാപക പിതാക്കന്മാർക്ക് ഉളവായ ഈ ആത്മദു:ഖം വി. ചാവറായച്ചൻ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇതിന്റെ എല്ലാം വെളിച്ചത്തിലാണ് സ്ഥാപക പിതാക്കന്മാർ മാന്നാനത്ത് സന്യാസ ഭവനം (തപസ്സു ഭവനം) സ്ഥാപിച്ചത്.

ഈ ചെറിയ ലേഖനത്തിന്റെ ഉദ്ദേശ്യം: സീറോമലബാർ സഭയിലെ വിശുദ്ധരെ, വാഴ്ത്തപ്പെട്ടവരെ, ധന്യരെ, ദൈവദാസരെ പരിചയപ്പെടുത്തുന്നതിനും, വിശുദ്ധ പദവിയിലേക്കുള്ള വിവിധ പടികൾ ചെറുതായി വിവരിക്കുന്നതിനുമായി ഉപയോഗിക്കുന്നു.

തിരുസഭയിൽ വിശുദ്ധരായി പ്രഖ്യാപിക്കുന്നതിന് സാധാരണയായി 4 പടികൾ (stages) കടക്കേണ്ടതുണ്ട്. ഒരു വ്യക്തി മരിച്ച് കഴിഞ്ഞ് കുറഞ്ഞത് 5 വർഷമെങ്കിലും കഴിഞ്ഞതിന് ശേഷമേ നടപടികൾ (process) ആരംഭിക്കുകയുള്ളൂ. പക്ഷേ, മാർപ്പാപ്പക്ക് ഇക്കാര്യത്തിൽ ഒഴിവ് (exception) നൽകാവുന്നതാണ്; വി. മദർ തെരേസയുടെ കാര്യത്തിൽ അന്നത്തെ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ ഒഴിവു നൽകിയതുപോലെ.

### 1. ദൈവദാസൻ / ദൈവദാസി - (Servant of God)

വിശ്വാസികളുടെ അപേക്ഷ പ്രകാരം സ്ഥലത്തെ മെത്രാൻ ഒരു വ്യക്തിയുടെ വിശുദ്ധിയെക്കുറിച്ച് പഠിക്കുവാൻ-മരണശേഷം 5 വർഷം കഴിഞ്ഞ് - പല സാക്ഷികളുടെയും ഡോക്ടർമാരുടെയും സാന്നിധ്യത്തിൽ മൃതദേഹം കല്ലറയിൽ നിന്ന് എടുത്ത് പരിശോധന നടത്തുന്നു; വിശുദ്ധിയെ സ്ഥിരീകരിക്കുന്ന കൃത്യമായ തെളിവുകളുണ്ടെങ്കിൽ, പൗരസ്ത്യ തിരുസംഘം (Oriental Congregation) വഴി പരി. പിതാവിനെ അറിയിച്ച് മാർപാപ്പ ആ വ്യക്തിയെ ദൈവദാസനായി പ്രഖ്യാപിക്കുന്നു.

### 2. ധന്യൻ (Venerable)

പ്രസ്തുത പ്രക്രിയക്ക് വേണ്ട കേസ് സ്റ്റഡികൾ പലവട്ടം നടത്തുകയും, വേണ്ടത്ര പരിശോധനകളും, പരീക്ഷണങ്ങളും നടത്തിയതിന് ശേഷം, തിരുസംഘം ഈ വ്യക്തിയെ വീരോചിതമായ പുണ്യങ്ങൾ (Heroic Virtues) അഭ്യസിച്ച് ജീവിച്ച വ്യക്തിയാണെന്ന് പ്രഖ്യാപിക്കുന്നത് വഴി ഒരാൾ ധന്യൻ (Venerable) ആകുന്നു.

### 3. വാഴ്ത്തപ്പെട്ടവർ (Blessed)

ധന്യനായി പ്രഖ്യാപിച്ച ശേഷം ആരുടെയെങ്കിലും അപേക്ഷ, പ്രാർത്ഥന വഴി ഈ വിശുദ്ധാത്മാവിന്റെ മധ്യസ്ഥതയാൽ ഒരു വ്യക്തമായ അത്ഭുതം (miracle) സംഭവിച്ചാൽ,

വേണ്ട ശാസ്ത്രീയമായ പരിശോധനകൾക്കും പഠനത്തിനും ശേഷം ഈ വ്യക്തി സ്വർഗ്ഗത്തിൽ ആണെന്ന് (In Heaven) പൗരസ്ത്യ തിരുസംഘം സാക്ഷ്യപ്പെടുത്തി, പരി. പിതാവ് ആ വ്യക്തിയെ വാഴ്ത്തപ്പെട്ടവൻ (Blessed) ആയി പ്രഖ്യാപിക്കുന്നു. ഈ പ്രഖ്യാപനത്തെ ഇംഗ്ലീഷിൽ 'Beatification' എന്ന് പറയും. ഈ വിശുദ്ധാത്മാക്കളെ ദേവാലയങ്ങളിൽ, കപ്പേളകളിൽ തിരുസ്വരൂപം വച്ച് വണങ്ങുവാൻ അനുവാദമുണ്ട്. പക്ഷേ പ്രധാന പള്ളികൾക്ക് അല്ലെങ്കിൽ ഇടവകകളുടെ മധ്യസ്ഥരായി ഇവരെ പ്രഖ്യാപിക്കുവാൻ അനുവാദമില്ല.

### 4. വിശുദ്ധർ (Saints)

ഈ അവസാന സ്റ്റേജിൽ ഒരു അത്ഭുതം കൂടി ഈ വാഴ്ത്തപ്പെട്ടവന്റെ മധ്യസ്ഥതയിൽ നടക്കണം. അത് കുലംകഷമായി പരിശോധിച്ച്-ദൈവശാസ്ത്ര, വൈദ്യശാസ്ത്ര പശ്ചാത്തലങ്ങളിൽ - രേഖപ്പെടുത്തി ഉറപ്പ് വരുത്തി, പരി. പിതാവ് കർദ്ദിനാൾ തിരുസംഘത്തെ (College of Cardinals) അറിയിച്ച് വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള തിയതി നിശ്ചയിക്കുന്നു. ഇതിനെ ഇംഗ്ലീഷിൽ 'Canonization' എന്ന് പറയും. ഈ വിശുദ്ധന്റെ/വിശുദ്ധയുടെ പേരിൽ പള്ളികൾ സ്ഥാപിക്കാം, മുഖ്യ അൾത്താരയിൽ വച്ച് വണങ്ങാം, തിരുന്നാൾ ആഘോഷിക്കാം.

എന്നാൽ രക്തസാക്ഷികളുടെ (Martyrs) വിശുദ്ധ പദ പ്രഖ്യാപനത്തിന് ചില വ്യത്യാസങ്ങളുണ്ട്. സുവിശേഷ മൂല്യത്തിന്റെ അഭംഗുരതക്ക് കോട്ടം വരാതെ, ക്രിസ്തു വിശ്വാസത്തെ ഏറ്റുപറഞ്ഞ്, ആ മൂല്യത്തിന് വേണ്ടി ശാരീരിക മർദ്ദനങ്ങൾ, മറ്റ് പീഡകൾ എത്ര അനുഭവിച്ചാലും ക്രിസ്തു വിശ്വാസത്തിൽ നിന്ന് അണുവിട വ്യതിചലിക്കാതെ രക്തസാക്ഷികളാകുന്ന വ്യക്തികളെ തിരുസഭ വിശുദ്ധിയുടെ കിരീടം തന്നെ ചാർത്തുന്നു. നമ്മുടെ ഇടയിലെ ഉദാഹരണം -വാഴ്ത്തപ്പെട്ട റാണി മരിയ. വേണ്ട പഠനങ്ങൾക്ക് ശേഷം പരി. പിതാവ് ഇവരെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നു. മേല്പറഞ്ഞ 4 സ്റ്റെപ്പുകൾ അതേ പടി ഇവർക്ക് ബാധകമല്ല. വി. ദേവസഹായം പിള്ള, വി. മാക്സ്മില്യൻ കോൾബെ തുടങ്ങി ആയിരക്കണക്കിന് രക്തസാക്ഷികൾ തിരുസഭയിൽ സൗരഭ്യം പരത്തി നിലനിൽക്കുന്നു. വി. ദേവസഹായം പിള്ള ഭാരതത്തിലെ ആദ്യ അല്മായ വിശുദ്ധനാണെന്ന കാര്യം മറക്കരുത്. 2024-ൽ ഫ്രാൻസിസ് പാപ്പ ഇദ്ദേഹത്തെ വിശുദ്ധ പദവിയിലേക്കുയർത്തി.

## സീറോ മലബാർ സഭയിലെ വിശുദ്ധർ (Saints)


വി. അൽഫോൻസ
(2008)


വി. കുര്യാക്കോസ് ഏലിയാസ് ചാവറ
(2014)


വി. ഏവുപ്രാസ്യ
(2014)


വി. മറിയം ത്രേസ്യ
(2019)

## വാഴ്ത്തപ്പെട്ടവർ (Blessed)



വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ
(2006)



വാഴ്ത്തപ്പെട്ട റാണി മരിയ
(2017)

## ധന്യർ (Venerables)



മാർ. തോമസ് കുര്യാളശ്ശേരി
(2011)



ഫാ. മാത്യു കദളിക്കാട്ടിൽ
(2011)



ഫാ. ജോസഫ് വിതയത്തിൽ
(2015)



ഫാ. വർഗ്ഗീസ് പയ്യപ്പള്ളി
(2018)



ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ
(2018)



സി. മരിയ സെലിൻ കണ്ണനായ്ക്കൽ
(2022)

## ദൈവദാസർ (Servants of God)



മാർ മാത്യു കാവുകാട്ട്
(1994)



ഫാ. തോമസ് പൂതത്തിൽ
(2009)



മാർ മാത്യു മാക്കിൽ
(2009)



ഫാ. ആൻറണി തച്ചുപറമ്പിൽ
(2009)



ഫാ. ജോസഫ് പഞ്ഞിക്കാരൻ
(2010)



ശ്രീ. തൊമ്മച്ചൻ
പുത്തൻപറമ്പിൽ
(2012)



ഫാ. കനീഷ്യസ് തെക്കേക്കര
(2014)



ബ്ര. ഫോർച്ചുനാത്തൂസ്
(2014)



സി. മേരി സെലിൻ പയ്യപ്പിള്ളി
(2018)



സി. മേരി ഫ്രാൻസിസ്കാ ഷെന്താൾ
(2018)



ഫാ. ജോസഫ് കണ്ടത്തിൽ
(2019)



ഫാ. വർക്കി കാട്ടാറത്ത്
(2019)



സി. ഫിദേലിസ്
(2021)



ഫാ. ബ്രൂണോ കണിയാരകത്ത്
(2021)



സി. മേരി കൊളേറ്റ്
(2021)

## മിഷൻ പ്രവർത്തനത്തിനായി സ്വാഗതം!

യേശു ശിഷ്യനായ മാർത്തോമ്മാ ശ്ലീഹായെപ്പോലെ, കാലത്തിനു മുമ്പേ നടന്ന് നീങ്ങിയ യുഗപുരുഷനായ ചാവറ പിതാവിനെപ്പോലെ, സേവന സന്നദ്ധതയോടെ ഇറങ്ങിത്തിരിക്കുവാനും, പ്രാർത്ഥനയിലൂടെയും പഠനത്തിലൂടെയും പ്രവർത്തനത്തിലൂടെയും ദൈവാരൂപിയിൽ വളരുവാനും വളർത്തുവാനും വചനത്തിനു സാക്ഷ്യമേകുവാനും, യുവാക്കളെ ക്ഷണിക്കുന്നു.

**Address:**
St. Xavier's Rajkot Bhavan, Pulinchode Junction, Aluva, Ernakulam District, Kerala - 683101

**Contact**
ഫാ. സണ്ണി വെട്ടിക്കുഴിച്ചാലിൽ CMI - Vocation Promoter (9999082215)

## എന്താണ് താലന്ത്!



എന്തിനും രണ്ട് പക്ഷമുള്ള ഈ നാട്ടിൽ പക്ഷഭേദമില്ലാതെ അംഗീകരിക്കപ്പെടുന്ന ഒരു കാര്യം-ഗാനഗന്ധർവ്വൻ യേശുദാസിന്റെ സ്വര മാധുര്യവും ഗാനങ്ങളുമാണ് - മൂന്ന് ഡോക്ടറേറ്റ്, പത്മവിഭൂഷൻ, 8 തവണ മികച്ച ഗായകനുള്ള ദേശീയ പുരസ്കാരം, കേരള സർക്കാരിന്റെ പുരസ്കാരം 25 തവണ; വിവിധ ഭാഷകളിലായുള്ള സംസ്ഥാന അവാർഡുകൾ 43 - ഇടക്ക് പുതു തലമുറക്കായി അംഗീകാരങ്ങളിൽനിന്നും സ്വയം വഴിമാറി നടന്നു യേശുദാസ്. അപ്പോഴും അംഗീകാരങ്ങൾ അംഗീകാരത്തിനായി ഗാനഗന്ധർവ്വന് മുന്നിൽ കാത്തുനിൽക്കുന്നു.

ഇഹ ലോകത്തെങ്ങും ഇതിനോളം പോന്ന സ്വരം കേട്ടിട്ടില്ലെന്ന് സാക്ഷ്യം പറഞ്ഞത് ലോകം ജയിച്ചുവന്ന എ. അർ. റഹ്മാനും, ഇളയരാജയുമാണ്. ആ സ്വരം മാത്രം ഉള്ളിലുള്ളപ്പോൾ കേൾക്കുന്നതെല്ലാം അതെന്ന് തോന്നുമെന്നും ഇളയരാജ മൊഴി. യേശുദാസിന്റെ സ്വരമാണ് ഇന്ത്യയുടെ സ്വരമെന്ന് വാഴ്ത്തിയത് ഒരു മലയാളിയല്ല, ഹിന്ദി സിനിമാ സംഗീത ലോകത്തെ ചക്രവർത്തി രവീന്ദ്ര ജയിനാണ്. അന്ധനായ ആ സംഗീത വിദ്വാൻ തനിക്ക് എന്നെങ്കിലും കാഴ്ച ലഭിക്കുന്നുവെങ്കിൽ ആദ്യം കാണാൻ ആഗ്രഹം പ്രകടിപ്പിച്ച മുഖവും മറ്റൊന്നല്ല. ആകാശം എത്ര ഉയരെയാണോ അതിനും മുകളിലാണ് യേശുദാസിന്റെ സ്ഥാനമെന്ന് ദക്ഷിണേന്ത്യയുടെ വാനമ്പാടി എസ്. ജാനകി. ഈ മഹായുസ്സിന്റെ കരുത്തിനായി എന്റെ ബാക്കി ആയുസ് എടുത്തുകൊൾക എന്ന് സ്വയം സമർപ്പിച്ചത് അകാലത്തിൽ വേർപിരിഞ്ഞ സംഗീത സംവിധായകൻ രവീന്ദ്രനാണ്, യേശുദാസിന്റെ ഷഷ്ടിപൂർത്തി വേളയിൽ. മലയാളികളിൽ ലോകത്ത് ഇത്രയും ആരാധകരും അറിയപ്പെടുന്ന മറ്റൊരു നാമവുമില്ല!



എന്നാൽ സംഗീതം മാത്രമല്ല യേശുദാസ്... കുറെയേറെ നന്മകളുടെ, ബ്രാൻഡ് അംബാസിഡർ കൂടിയാണ്. തനിക്ക് സ്വതസിദ്ധമായി ലഭിച്ച സംഗീത അഭിരുചിയെ അദ്ദേഹം പൂർണ്ണ മനസോടെ കഠിന പരിശ്രമത്താൽ വളർത്തിയെടുത്ത് ജീവകാരുണ്യപ്രവർത്തനത്തിനായി പാടുകയും, പറയുകയും ചെയ്തിട്ടുണ്ട്. താളം തെറ്റിയ ഹൃദയങ്ങളുടെ മിടിപ്പ് വീണ്ടെടുക്കുവാനുള്ള 'ഹൃദയതാളം' പദ്ധതിയിലൂടെയാണ് യേശുദാസ് തന്റെ സപ്തതി ആഘോഷിച്ചത്. 70 സൗജന്യ ശസ്ത്രക്രിയ എന്ന ലക്ഷ്യവുമായി ആരംഭിച്ച പദ്ധതി യേശുദാസിനെ സ്നേഹിക്കുന്നവരുടെ സംഭാവനകളുടെ കരുത്തിൽ മുന്നൂറിലേറെയായി. അതിന്റെ തുടർച്ചയായി ശബ്ദങ്ങൾ അന്യമായ നിർദ്ധന കുരുന്നുകളുടെ ശ്രവണശേഷി കോ ക്ലിയർ ഇംപ്ലാന്റേഷനിലൂടെ വീണ്ടെടുക്കുവാനുള്ള 'ഹൃദയ തരംഗം' പദ്ധതിക്കും തുടക്കം കുറിച്ചു. ആഘോഷങ്ങൾ നന്മ നിറച്ച് ഇങ്ങനെയും അനശ്വരമാക്കാം എന്ന് കാണിച്ചു തരികയാണിവിടെ യേശുദാസ്.

ഒരു പക്ഷേ, യേശുദാസിനെപ്പോലെ, സമ്പത്തികമായി മറ്റൊരു നിർധനനെ സഹായിക്കാൻ നമുക്ക് കെല്പ് ഇല്ലായിരിക്കാം. എന്നാൽ, ഒന്നു ചിന്തിച്ച് നോക്കിയാൽ

എത്രയോ കഴിവുകൾ ദൈവം നമ്മിൽ ചിന്തിയിട്ടുണ്ട്. അത് ഒരു പക്ഷേ, ചിത്ര രചനയിലായിരിക്കാം, ശിൽപകലയിലായിരിക്കാം, ഡാൻസിൽ ആയിരിക്കാം, വൈദ്യമേഖലയിലായിരിക്കാം, അധ്യാപനത്തിൽ ആയിരിക്കാം.... ഇനി ഈ സവിശേഷ മേഖലയിൽ ഒന്നുമില്ലാ, എന്നിരിക്കട്ടെ, സ്നേഹിക്കാൻ പറ്റിയ ഒരു ഹൃദയം നമുക്ക് ദൈവം തന്നിട്ടില്ലേ! വൈദ്യ സഹായത്തിന് പണം നൽകേണ്ട: രോഗിയെ സന്ദർശിച്ച് ആശ്വസിപ്പിച്ചുകൂടെ, മറ്റുള്ളവരോട് അനുകമ്പ കാണിച്ചുകൂടെ, കരുണ കാണിച്ചുകൂടെ, ഹൃദയം നൊന്ത് ഇരിക്കുന്നവരോട് സാന്ത്വന വാക്കുകൾ പറഞ്ഞുകൂടെ... ഇതിന് പണച്ചിലവ് ഉണ്ടോ?

യേശു ഹൃദയത്തിന്റെ രാജാവായിരുന്നു: സാമ്രാജ്യ മഹിമയുടെ അല്ല. മറ്റൊരാളുടെ ഹൃദയത്തിൽ നമുക്ക് ഇടം കിട്ടണമെങ്കിൽ നമ്മുടെ ഹൃദയത്തിന്റെ നാനാവിധ മനോഗുണങ്ങൾ നമ്മൾ അവരുടെ ഹൃദയത്തിലേക്ക് ചൊരിയണം: അത് അവർക്ക് അനുഭവവേദ്യമാകണം. ദൈവം തന്ന താലന്തുകൾ ഉപയോഗിക്കാതെ കുഴിച്ചിടുകയല്ല വേണ്ടത്, നിർലോഭമായി മറ്റുള്ളവരുടെ, വിശിഷ്യാ, സ്വന്തമായി ഒരു ചെറു വീടുപോലും ഇല്ലാത്തവരുടെ, വൈദ്യസഹായത്തിന് വകയില്ലാത്തവരുടെ, പഠന സാധ്യതകൾ - വഴിമുട്ടിനിൽക്കുന്നവരുടെ മുമ്പിലേക്ക് നമ്മൾ തുറന്നിടണം, സംഘാതമായും, വ്യക്തി-പരമായും; അത് സന്യാസ ഭവനത്തിലായാലും, കുടുംബങ്ങളിലായാലും.



സ്വർഗ്ഗരാജ്യം ഉന്നം വച്ച് ജീവിക്കുന്ന നമ്മോട് അത് ആര് കരഗതമാക്കും എന്ന് വി. മത്തായി-യുടെ സുവിശേഷം 25-ാം അദ്ധ്യായത്തിൽ കൃത്യമായി പറഞ്ഞു തരുന്നില്ലേ! നീ ഇങ്ങനെ ചെയ്തപ്പോൾ 'എനിക്ക് തന്നെയാണ് ചെയ്ത് തന്നതെന്നും, ചെയ്യാതിരുന്നപ്പോൾ എനിക്ക് തന്നെയാണ് ചെയ്ത് തരാതിരുന്നതെന്നും!! നമുക്ക് ലഭിച്ച ഏറ്റവും വലിയ താലന്ത് നമ്മുടെ ഹൃദയമാണ്. ആ ഹൃദയത്തെ യേശുവിന്റെ ഹൃദയത്തോട് തദാത്മ്യപ്പെടുത്തി, കരുണയും, സ്നേഹവും, അനുകമ്പയും, ക്ഷമയും, സേവന സന്നദ്ധതയും ഉള്ള ഒന്നായി രൂപപ്പെടുത്തി മറ്റുള്ളവർക്ക് ഒരു രക്ഷകനായി, മറ്റൊരു ക്രിസ്തുവായി നമ്മൾ മാറണം. നമ്മുടെ പണമോ, ഡിഗ്രിയോ, പദവികളോ, സൗന്ദര്യമോ, ഇരുനില മാളികയോ, കാറോ.. ഒന്നും നമ്മെ സ്വർഗ്ഗത്തിലേക്ക് ഓടിച്ച് കയറ്റുമെന്ന് കരുതേണ്ട.. നമ്മൾ ചെയ്യുന്ന നന്മ പ്രവർത്തികൾ നന്മ പ്രവർത്തികൾ മാത്രം.



**താലന്തുകളുടെ ഉപമ നമ്മുടെ രണ്ടാം വർഷ വൈദിക വിദ്യാർത്ഥികൾ നാടക രൂപത്തിൽ അവതരിച്ചപ്പോൾ.**

## സവിശേഷ വിശേഷം

### കബൂത്തര (ചബൂത്തര)



കുട്ടബ് മീനാർ പൊലെ കാണുന്ന ഇത് എന്താണെന്നല്ലേ! 'കബൂത്തർ' എന്ന് ഗുജറാത്തിയിൽ പറഞ്ഞാൽ പ്രാവ് എന്നാണർത്ഥം. ചെറിയ ചെറിയ അറകളോടുകൂടി പ്രാക്കൾക്ക് ചേക്കേറാനും അന്തിയുറങ്ങാനുമായി ഗുജറാത്തിലെ ഗ്രാമാന്തരങ്ങളിൽ കെട്ടിക്കൊടുക്കുന്ന പല നിലകളുള്ള മാളികയുടെ പേരാണ് 'ചബൂത്തര' അല്ലെങ്കിൽ കബൂത്തര. ഇവിടെ പ്രാവുകൾക്ക് കുടിക്കുവാൻ വെള്ളവും കൊറിക്കുവാൻ ധാന്യവും എല്ലാ ദിവസവും ഇവർ കൊടുക്കും. ഗുജറാത്തികളുടെ പക്ഷി മൃഗാദികളോടുള്ള ദയയും പരിഗണനയും ശരിക്കും സ്വാഗതാർഹമാണ്. ഉറുമ്പിന്റെ മാളങ്ങളിൽ ധാന്യപ്പൊടി വിതറും. തടാകങ്ങളിലെ മീനുകൾക്ക് ഗോതമ്പുപൊടി നനച്ച് ഉരുട്ടി ഉരുളകളാക്കി ഇട്ട് കൊടുക്കും. ഒന്നിനേയും കൊല്ലുകയില്ല; പ്രത്യേകിച്ച് ഹൈന്ദവരും, ജൈന മതക്കാരും!

### കേസർ മാമ്പഴം



മാമ്പഴത്തിന്റെ റാണി' (Queen of Mangoes) എന്ന് അറിയപ്പെടുന്ന ഈ മാവ് ഇനം ഏറ്റവും അധികം കൃഷി ചെയ്യുന്നത് ഗുജറാത്തിലാണ് - പ്രത്യേകിച്ചും ജുനാഗഡ്, കച്ച് ജില്ലകളിൽ. വിറ്റമിൻ 'എ' യും 'സി' യും സുലഭമായ വളരെ മധുരമുള്ള ഈ ഇനം വിദേശത്തേക്കും കയറ്റി അയക്കുന്നു. കിലോക്ക് 150 മുതൽ 250 രൂപ വരെ വില. ഈ മാമ്പഴ ജ്യൂസും പൂരിയും ഗുജറാത്തികൾക്ക് ഏറെ പ്രിയപ്പെട്ടതാണ്. ഇതിന് ഇവർ 'കേരി-പൂരി' എന്ന് പറയും. ആയിരക്കണക്കിന് ഹെക്ടർ ഭൂമിയിൽ ഇത് കൃഷി ചെയ്യുന്നു.





ഈന്തപ്പഴം' ഭാരതത്തിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത് ഗുജറാത്തിലെ 'കച്ച് ജില്ലയിലാണ്. വെള്ളം കുറഞ്ഞ, ചൂട് കാലാവസ്ഥ ഇതിന് അനുകൂലമാണ്. ഒരു 'മരുഭൂമി വിളവ്' എന്ന് തന്നെ പറയാം. അതുകൊണ്ടാണ് മധ്യ ഏഷ്യയിലെ അറബ് രാജ്യങ്ങളിൽ ഇത് വളരെ സുലഭമായിരിക്കുന്നത്. ഇതിൽ കാണിച്ചിരിക്കുന്ന ഫോട്ടോ - നമ്മുടെ തന്നെ ഒരു കൃഷി ഭൂമിയിൽ നിന്നാണ്. കച്ച് ജില്ലയിലെ ഹമീർപർ AIDS പുനരധിവാസ കേന്ദ്രമായ 'ഫിലിപ് ധാം' എന്ന സ്ഥലത്തെ കൃഷി; ഈ മഞ്ഞ നിറത്തിലുള്ള പഴം ഇസ്രയേൽ ഇനമാണ്. വളരെയധികം പൊട്ടാസിയവും, കോപ്പറും വിറ്റാമിൻ B യും അടങ്ങിയിരിക്കുന്ന ഈ ഫലം 'ഫൈബർ റിച്ച് എനർജി ഫുഡ് ആണ്. ഈ മരത്തിന് 100 ൽപരം വർഷം ആയുസ്സുണ്ട്.

## സന്ദർശകർ



എറണാകുളം രൂപതയിൽ നിന്നും 6 വൈദികർ രാജ്കോട്ട് രൂപതയും നമ്മുടെ മിഷൻ പ്രവർത്തനങ്ങളും സന്ദർശിക്കുവാൻ വന്നിരുന്നു. അവർ ബിഷപ് ഗ്രിഗറിപ്പിതാവിനൊപ്പം പോസ് ചെയ്തപ്പോൾ.





ബഹു. കുര്യാക്കോസ് പാലക്കാട്ടച്ചനെ സന്ദർശിക്കുവാൻ ക്രിസ്തുമസ് കഴിഞ്ഞ ഉടൻ അദ്ദേഹത്തിന്റെ സഹോദരീപുത്രി ജിഷയും, ഭർത്താവ് എബിയും, കുട്ടികളും കൂടി വന്നിരുന്നു.



ദിവംഗതനായ നമ്മുടെ പ്രിയപ്പെട്ട ഡേവിസ് മാനാടനച്ചന്റെ അനുജനും കുടുംബവും പ്രൊവിൻഷ്യാൾ ഹൗസ് സന്ദർശിക്കുകയും, അദ്ദേഹത്തിന്റെ കബറിടത്തിങ്കൽ പ്രാർത്ഥിക്കുകയും ചെയ്തു. രണ്ട് മൂന്ന് മിഷൻ സ്റ്റേഷനുകൾ അവർ ബഹു. സണ്ണിയച്ചനോടോപ്പം സന്ദർശിച്ചിരുന്നു. ജനുവരി 9-ന് തിരിച്ച് പോയി.



ബഹുമാനപ്പെട്ട പോൾസൻ തോട്ടത്തിമ്യാലിൽ അച്ചന്റെ സഹോദരി ട്രീസാ ജോർജ്ജും മകൾ ആൽഫിയും ജനുവരി മാസത്തിൽ മിഷൻ സന്ദർശിച്ചു.



ബഹുമാനപ്പെട്ട ജെയ്മോൻ താണ്ടപ്പിള്ളിയച്ചന്റെ മാതാപിതാക്കൾ ജനുവരി മാസത്തിൽ അദ്ദേഹത്തോടൊപ്പം പ്രവിശ്യയിലെ വിവിധ മിഷൻ സെന്ററുകൾ സന്ദർശിച്ചു.

## ദിവംഗതരായവർക്ക് പ്രാർത്ഥനാ സഹായം



ഫാ. ജോബി വിരിപ്പാമറ്റത്തിലച്ചന്റെ മാതാവ് - ശ്രീമതി ഏലിക്കുട്ടി മാത്യു (79). മരണം 14/09/2024 - സംസ്കാരം 16/09/2024 -ന് സെൻറ് ജോസഫ് ഫൊറോന പള്ളി, വെളിയേൽചാൽ (കോതമംഗലം)



ബഹു. സി. റെജി തളിയത്ത് S.D (87). നമ്മുടെ ബഹു. നൈജു-ടൈജു തളിയത്ത് CMI അച്ചന്മാരുടെ പിതൃ സഹോദരിയും, S.D സന്യാസ സഭാംഗവുമായിരുന്ന സി. റെജി നവംബർ 25-ാം തിയതി, 2024 നിര്യാതയായി. മൃതസംസ്കാരം നവംബർ 26 - ന് S.D കോൺവെൻറ് സെമിത്തേരിയിൽ (ചുണങ്ങംവേലി) നടത്തപ്പെട്ടു.



ശ്രീമതി റോസിലി വർഗീസ് (71) - ബഹു. ആന്റണി പുതുശ്ശേരിയച്ചന്റെ ആന്റി - (മാതൃസഹോദരി) - നവംബർ 29, 2024 നിര്യാതയായി. മൃതസംസ്കാരം യു,സി. കോളേജ്, ആലുവ, നിത്യസഹായ മാതാവിന്റെ പള്ളിയിൽ വച്ച് നവംബർ 30-ാം തിയതി നടത്തപ്പെട്ടു.



ശ്രീ മത്തായി പാട്ടത്തിൽ (80) - ബഹു. ജോസ് പാട്ടത്തിലച്ചന്റെ (ബ്രസീൽ) പിതൃ സഹോദരൻ ദിവംഗതനായി. സംസ്കാരം ഒക്ടോബർ 30, 2024, സെന്റ് ആന്റണീസ് ചർച്ച്, തൂക്കുപാലം.



ശ്രീ പി.സി. ചാക്കോ (83), ഫാ. ജോൺസൻ പാറയിലച്ചന്റെ പിതാവ്. മരണം 11/10/2024 - സംസ്കാരം ഒക്ടോബർ 14, 2024. സെന്റ് തോമസ് ദേവാലയം, നാടുകാണി (കോതമംഗലം.)



ശ്രീ നിക്ളാവോസ് (കുട്ടിച്ചൻ -78), ബഹു. സിജോമോൻ ചിരട്ടവയലിലച്ചന്റെ പിതാവ് നവംബർ 28 - ന് (2024) ഹൃദയാഘാതം മൂലം നിര്യാതനായി. സംസ്കാരം 29-ാം തിയതി കൽത്തൊട്ടി തിരുക്കുടുംബ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു.



ശ്രീമതി ത്രേസ്യാമ്മ (79) ബഹു. ജോസഫ് കുഴിക്കാട്ടച്ചന്റെ (ജർമ്മനി) മാതാവ് ജനുവരി 13-ന് (2025) കർത്താവിൽ നിദ്ര പ്രാപിച്ചു. സംസ്കാരം 13-ാം തിയതി പൊന്മുടി സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു.



ശ്രീ ദേവസ്സിക്കുട്ടി (74), ബഹു. പ്രതീക്ഷ് പള്ളിയാനച്ചന്റെ മാതൃ സഹോദരൻ. സംസ്കാരം നവംബർ 12, 2024, സെന്റ് ആന്റണീസ് ചർച്ച്, മാറാംകോട്.



രാജ്കോട്ട് രൂപതയിലെ മുഴുവൻ വൈദിക-സന്യാസാർത്ഥികൾക്കായി സംഘടിപ്പിച്ച വിവിധ മത്സരങ്ങളിൽ ഇംഗ്ലീഷ് പ്രസംഗത്തിന് ഒന്നാം സമ്മാനം നേടിയ ബ്രദർ യുബ്‌രാജ് മാർ ജോസ് ചിറ്റൂപ്പറമ്പിൽ ബിഷപ്പിൽ നിന്നും സമ്മാനം ഏറ്റുവാങ്ങുന്നു




സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് ഫെബ്രുവരി നാലാം തിയതി രാജ്കോട്ട് പ്രൊവിൻഷ്യൽ ഹൗസിൽ സന്ദർശനം നടത്തി. അഭിവന്ദ്യ പിതാവിനും നവ വൈദികർക്കും പ്രൊവിൻഷ്യൽ ഹൗസിൽ സ്വീകരണം നൽകുകയും അവർ ഉച്ചവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു.

Prepared & Published by :
**Fr. Jose Mangalamkunnel CMI, Fr. Jilson Pinakkattuparambil CMI**
For the Department of Education and Communication Media
For Private Circulation Only